# ദിവ്യപൂജക്രമം

# പ്രാരംഭകർമങ്ങൾ

1. ജനങ്ങൾ ഒരുമിച്ചുകൂടിയശേഷം പ്രവേശനഗാനം ആലപിക്കുമ്പോൾ പുരോഹിതൻ ശുശ്രൂഷകരോടുകൂടെ അൾത്താരയെ സമീപിക്കുന്നു.

അൾത്താരയുടെ സമീപമെത്തുമ്പോൾ പുരോഹിതൻ ശുശ്രൂഷകരോടൊപ്പം പ്രണമിച്ചുകൊണ്ട് അൾത്താരയെ ചുംബിക്കുന്നു. ഉചിതമെങ്കിൽ കുരിശിനെയും അൾത്താരയെയും അദ്ദേഹം ധൂപിക്കുന്നു. തുടർന്ന്, ശുശ്രൂഷകരോടൊത്ത് അദ്ദേഹം പീഠത്തിലേക്കു പോകുന്നു.

പ്രവേശനഗാനം അവസാനിക്കുമ്പോൾ പുരോഹിതനും വിശ്വാസികളും നിന്നുകൊണ്ട് കുരിശടയാളം വരയ്ക്കുന്നു. പുരോഹിതൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ഇപ്രകാരം പറയുന്നു:

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ,

ജനം :

ആമേൻ.

2. അനന്തരം പുരോഹിതൻ കൈകൾ വിരിച്ച്, ഇപ്രകാരം പറഞ്ഞുകൊണ്ട്, ജനത്തെ അഭിവാദ്യം ചെയ്യുന്നു :

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും
പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ
സംസർഗവും നിങ്ങളോടുകൂടെ.

അഥവാ

നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും കൃപയും സമാധാനവും നിങ്ങളോടുകൂടെ.

അഥവാ

കർത്താവു നിങ്ങളോടുകൂടെ

ജനം :

അങ്ങയുടെ ആത്മാവോടുംകൂടെ

---

ആദ്യത്തെ ഈ അഭിവാദനത്തിൽ മെത്രാൻ കർത്താവു നിങ്ങളോടുകൂടെ എന്നതിനു പകരം ഇപ്രകാരം പറയുന്നു:

സമാധാനം നിങ്ങളോടുകൂടെ

---

3. പുരോഹിതനോ ഡീക്കനോ മറ്റൊരു ശുശ്രൂഷകനോ വളരെ സംക്ഷിപ്ത മായ വാക്കുകളിൽ അന്നത്തെ ദിവ്യബലിയിലേക്ക് വിശ്വാസികളെ നയിക്കാ വുന്നതാണ്.

## അനുതാപകർമം*

4. അതിനുശേഷം അനുതാപകർമം തുടർന്നുവരുന്നു; അതിന് പുരോഹി തൻ ഇപ്രകാരം പറഞ്ഞുകൊണ്ട് വിശ്വാസികളെ ക്ഷണിക്കുന്നു:

സഹോദരരേ, ദിവ്യരഹസ്യങ്ങൾ കൊണ്ടാടുന്നതിനു നാം യോഗ്യ രാകേണ്ടതിന് നമ്മുടെ പാപങ്ങൾ ഏറ്റുപറയാം.

അല്പനിമിഷം മൗനംപാലിക്കുന്നു. തുടർന്ന് എല്ലാവരും ഒരുമിച്ച് പൊതുവായ അനുതാപപ്രകരണം ചൊല്ലുന്നു.

സർവശക്തനായ ദൈവത്തോടും / സഹോദരരേ, നിങ്ങളോടും ഞാൻ ഏറ്റുപറയുന്നു: /എന്തെന്നാൽ, വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും / ഞാൻ വളരെയേറെ പാപം ചെയ്തുപോയി: / (നെഞ്ചിലടിച്ചുകൊണ്ടു പറയുന്നു) എന്റെ പിഴ, / എന്റെ പിഴ, / എന്റെ വലിയ പിഴ. (അതിനുശേഷം തുടരുന്നു)/ ആകയാൽ, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും / എല്ലാ മാലാഖമാരോടും വിശുദ്ധരോടും / സഹോദരരേ, നിങ്ങളോടും

---

* ഞായറാഴ്ചകളിൽ, പ്രത്യേകിച്ച് പെസഹാക്കാലത്ത് പതിവായുള്ള അനുതാപ കർമത്തിനു പകരം, സാധിക്കുമ്പോഴെല്ലാം ജ്ഞാനസ്നാനത്തിന്റെ ഓർമയ്ക്കായി ജലം ആശീർവദിക്കുകയും തളിക്കുകയും ചെയ്യാവുന്നതാണ് (അനുബന്ധം II, pp.        ).

ഞാൻ അപേക്ഷിക്കുന്നു:/ എനിക്കുവേണ്ടി നമ്മുടെ കർത്താവായ ദൈവത്തോടു പ്രാർഥിക്കണമേ.

പുരോഹിതന്റെ പാപമോചനപ്രാർഥന തുടർന്നുവരുന്നു:

സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

ജനം :

ആമേൻ.

---

അഥവാ

5 പുരോഹിതൻ അനുതാപകർമത്തിലേക്ക് വിശ്വാസികളെ നയിക്കുന്നു:

സഹോദരരേ, ദിവ്യരഹസ്യങ്ങൾ കൊണ്ടാടുന്നതിനു നാം യോഗ്യരാകേണ്ടതിന് നമ്മുടെ പാപങ്ങൾ ഏറ്റുപറയാം.

അല്പനിമിഷം മൗനംപാലിക്കുന്നു.
തുടർന്ന് പുരോഹിതൻ ചൊല്ലുന്നു:

കർത്താവേ, ഞങ്ങളിൽ കനിയണമേ.

ജനം :

എന്തെന്നാൽ, അങ്ങേക്കെതിരായി ഞങ്ങൾ പാപംചെയ്തുപോയി.

പുരോഹിതൻ:

കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങൾക്കു കാണിച്ചുതരണമേ.

ജനം:

അങ്ങയുടെ രക്ഷ ഞങ്ങൾക്കു നല്കുകയും ചെയ്യണമേ.

പുരോഹിതന്റെ പാപമോചനപ്രാർഥന തുടർന്നുവരുന്നു:

സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

ജനം :

ആമേൻ.

---

അഥവാ

6. പുരോഹിതൻ അനുതാപകർമത്തിലേക്ക് വിശ്വാസികളെ നയിക്കുന്നു.

സഹോദരരേ, ദിവ്യരഹസ്യങ്ങൾ കൊണ്ടാടുന്നതിനു നാം യോഗ്യരാകേണ്ടതിന് നമ്മുടെപാപങ്ങൾ ഏറ്റുപറയാം.

അല്പനിമിഷം മൗനംപാലിക്കുന്നു.

തുടർന്ന് പുരോഹിതനോ ഡീക്കനോ മറ്റൊരു ശുശ്രൂഷകനോ താഴെ കൊടുത്തിരിക്കുന്നതോ മറ്റു പ്രാർഥനപ്രകരണങ്ങളോ "കർത്താവേ കനിയണമേ" എന്നതിനോട് ചേർത്തുചൊല്ലുന്നു.

ഹൃദയം തകർന്നവരെ സുഖപ്പെടുത്താൻ അയയ്ക്കപ്പെട്ട കർത്താവേ, കനിയണമേ.

ജനം :

കർത്താവേ, കനിയണമേ.

പുരോഹിതൻ:

പാപികളെ വിളിക്കാൻ ആഗതനായ ക്രിസ്തുവേ, കനിയണമേ.

ജനം:

ക്രിസ്തുവേ, കനിയണമേ.

പുരോഹിതൻ:

ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവേ, കനിയണമേ.

ജനം:

കർത്താവേ കനിയണമേ.

പുരോഹിതന്റെ പാപമോചനപ്രാർഥന തുടർന്നുവരുന്നു:

സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

ജനം :

ആമേൻ.

7. മുമ്പു പറഞ്ഞ ഏതെങ്കിലുമൊരു അനുതാപകർമരൂപത്തിൽ ഉൾപ്പെട്ടിട്ടി ല്ലെങ്കിൽ "കർത്താവേ, കനിയണമേ" തുടരുന്നു:

V : കർത്താവേ, കനിയണമേ. R : കർത്താവേ, കനിയണമേ.
V : ക്രിസ്തുവേ, കനിയണമേ. R : ക്രിസ്തുവേ, കനിയണമേ.
V : കർത്താവേ, കനിയണമേ. R : കർത്താവേ, കനിയണമേ.

8. നിർദേശിച്ചിരിക്കുന്നതനുസരിച്ച് ഈ ഗീതം പാടുകയോ ചൊല്ലുകയോ ചെയ്യുന്നു.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം
ഭൂമിയിൽ സന്മനസ്സുള്ള മനുഷ്യർക്ക് സമാധാനവും.
കർത്താവായ ദൈവമേ, / സ്വർഗീയരാജാവേ, /സർവശക്തനായ ദൈവപിതാവേ, / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു/ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു/ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു/ അങ്ങയെ ഞങ്ങൾ മഹത്ത്വപ്പെടുത്തുന്നു/ അങ്ങയുടെ മഹാമഹിമയ്ക്കായി ഞങ്ങൾ നന്ദിപറയുന്നു./ യേശുക്രിസ്തുവേ, ഏകജാതനായ പുത്രനായ കർത്താവേ,/ കർത്താവായ ദൈവമേ, / ദൈവത്തിന്റെ കുഞ്ഞാടേ, / പിതാവിന്റെ പുത്രാ,/ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന അങ്ങ്/ ഞങ്ങളിൽ കനിയണമേ;/ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന അങ്ങ്/ ഞങ്ങളുടെ പ്രാർഥന കൈക്കൊള്ളണമേ./ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന അങ്ങ് ഞങ്ങളിൽ കനിയണമേ. എന്തെന്നാൽ, അങ്ങു മാത്രം പരിശുദ്ധൻ/ അങ്ങു മാത്രം കർത്താവ്/ അങ്ങുമാത്രം അത്യുന്നതൻ, യേശുക്രിസ്തുവേ,/ പരിശുദ്ധാത്മാവോടുകൂടെ / പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിൽ.

ആമേൻ.

പദ്യരൂപം

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം
ഭൂമിയിൽ സന്മനസ്സുള്ളോർക്കു ശാന്തിയുമേ

അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു
അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു
ആരാധിച്ചങ്ങയെ വാഴ്ത്തുന്നു
ദിവ്യമഹിമകൾ പാടുന്നു.

അങ്ങേ മഹാമഹിമയ്ക്കിതാ
നന്ദി ചൊല്ലുന്നിവർ താഴ്മയായ്
ദൈവമേ, കർത്താവാം അങ്ങയെ,
വാഴ്ത്തുന്നു സ്വർലോകരാജനേ.

സർവൈകശക്തനാം ദൈവമേ,
താതനാമങ്ങയെ വാഴ്ത്തുന്നു
ഏകാത്മജാ, ദേവസൂനുവേ,
കർത്താവാം ശ്രീയേശുക്രിസ്തുവേ.

ദൈവമേ, കർത്താവാം അങ്ങയെ
വാഴ്ത്തുന്നു ദൈവത്തിൻ കുഞ്ഞാടേ,
താതനാം ദൈവത്തിൻ സൂനുവേ,
അങ്ങയെ വാഴ്ത്തിസ്തുതിക്കുന്നു.

ലോകത്തിൻ പാപനിഹന്താവേ,
കാരുണ്യം തൂകണേ ഞങ്ങളിൽ
ലോകത്തിൻ പാപനിഹന്താവേ,
ഞങ്ങൾതൻ പ്രാർഥന കേൾക്കണേ.

നിത്യപിതാവിന്റെ പാർശ്വത്തിൽ
നേർവലംഭാഗത്തിരുന്നിടും
ഞങ്ങൾതൻ രക്ഷകനേശുവേ,
കാരുണ്യം തൂകണേ ഞങ്ങളിൽ.

സത്യസ്വരൂപൻ പിതാവുതൻ
നിത്യമഹിമാവിൻ തേജസ്സിൽ
പാവനാത്മാവുതൻ ഐക്യത്തിൽ
വാഴുന്ന ക്രിസ്തുവാം യേശുവേ.

അങ്ങുമാത്രം പരിപാവനൻ
അങ്ങുതാൻ ഏകനാം നാഥനും
അങ്ങുമാത്രം പരമോന്നതൻ
ത്രിത്വൈകദൈവമഹത്ത്വത്തിൽ,
ആമേൻ.

9. ഈ ഗാനമവസാനിക്കുമ്പോൾ, കൈകൾ കൂപ്പി പുരോഹിതൻ ചൊല്ലുന്നു:

നമുക്കു പ്രാർഥിക്കാം.

എല്ലാവരും പുരോഹിതനോടൊത്ത് അല്പസമയം മൗനമായി പ്രാർഥിക്കുന്നു.

അനന്തരം, പുരോഹിതൻ കൈകൾ വിരിച്ച്, സമിതിപ്രാർഥന ചൊല്ലുന്നു; അതിന്റെ അവസാനത്തിൽ ജനം ഉദ്ഘോഷിക്കുന്നു:

ആമേൻ.

## വചനപ്രഘോഷണകർമം

10. അനന്തരം പാഠകൻ വചനപീഠത്തെ സമീപിച്ച് ഒന്നാംവായന പ്രഘോഷിക്കുന്നു. തത്സമയം എല്ലാവരും ഇരുന്നുകൊണ്ട് ശ്രവിക്കുന്നു.

വായനയുടെ അവസാനംസൂചിപ്പിക്കാൻ പാഠകൻ ഉദ്ഘോഷിക്കുന്നു:

കർത്താവിന്റെ വചനം.

എല്ലാവരും :

ദൈവത്തിനു നന്ദി.

11. സങ്കീർത്തകൻ അഥവാ ഗായകൻ സങ്കീർത്തനമാലപിക്കുകയോ ചൊല്ലുകയോ ചെയ്യുമ്പോൾ ജനം പ്രതിവചിക്കുന്നു.

12. തുടർന്ന് രണ്ടാംവായന ഉണ്ടെങ്കിൽ മുകളിൽ പറഞ്ഞപോലെ പാഠകൻ വചനപീഠത്തിൽനിന്ന് വായിക്കുന്നു.

വായനയുടെ അവസാനംസൂചിപ്പിക്കാൻ പാഠകൻ ഉദ്ഘോഷിക്കുന്നു:

കർത്താവിന്റെ വചനം.

എല്ലാവരും :

ദൈവത്തിനു നന്ദി.

13. അല്ലേലൂയയോ നിർദേശങ്ങൾ അനുശാസിക്കുന്നതനുസരിച്ചുള്ള മറ്റൊരു ഗാനമോ ആരാധനക്രമകാലം ആവശ്യപ്പെടുന്നപോലെ തുടരുന്നു.

14. തത്സമയം, ആവശ്യമെങ്കിൽ, ധൂപക്കുറ്റിയിൽ പുരോഹിതൻ കുന്തിരിക്കമിടുന്നു. അനന്തരം സുവിശേഷം പ്രഘോഷിക്കാനുള്ള ഡീക്കൻ, പുരോഹിതന്റെ മുമ്പിൽ തലകുനിച്ച് ആശീർവാദം അപേക്ഷിച്ചുകൊണ്ട് താഴ്ന്നസ്വരത്തിൽ ഇപ്രകാരം പറയുന്നു:

ഗുരോ, ആശീർവദിച്ചാലും

പുരോഹിതൻ താഴ്ന്നസ്വരത്തിൽ പറയുന്നു:

അവിടത്തെ സുവിശേഷം യോഗ്യതയോടും അർഹതയോടുംകൂടെ പ്രഘോഷിക്കുന്നതിന് കർത്താവ് താങ്കളുടെ ഹൃദയത്തിലും അധരങ്ങളിലും ഉണ്ടായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

ഡീക്കൻ കുരിശടയാളം വരച്ചുകൊണ്ട് പ്രത്യുത്തരിക്കുന്നു:

ആമേൻ.

ഡീക്കൻ സന്നിഹിതനല്ലെങ്കിൽ പുരോഹിതൻ അൾത്താരയുടെ മുമ്പിൽ കുമ്പിട്ടുകൊണ്ട് സ്വഗതമായി ചൊല്ലുന്നു:

സർവശക്തനായ ദൈവമേ, അങ്ങയുടെ വിശുദ്ധസുവിശേഷം യഥായോഗ്യം പ്രഘോഷിക്കുന്നതിന് എന്റെ ഹൃദയത്തെയും അധരങ്ങളെയും ശുദ്ധീകരിക്കണമേ.

15. തുടർന്ന്, ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ വചനപീഠത്തിലേക്കു പോകുന്നു; സന്ദർഭോചിതമായി, ധൂപത്തോടും മെഴുകുതിരികളോടുംകൂടെ ശുശ്രൂഷകർ അദ്ദേഹത്തെ അനുഗമിക്കുന്നു. തുടർന്ന് അദ്ദേഹം ഇപ്രകാരം ചൊല്ലുന്നു:

കർത്താവ് നിങ്ങളോടുകൂടെ.

ജനം:

അങ്ങയുടെ ആത്മാവോടുംകൂടെ.

ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ :

...ന്റെ (യുടെ) വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന

തത്സമയം അദ്ദേഹം ഗ്രന്ഥത്തിലും നെറ്റിയിലും അധരങ്ങളിലും നെഞ്ചിലും കുരിശടയാളം വരയ്ക്കുന്നു.

ജനം ഉദ്ഘോഷിക്കുന്നു:

കർത്താവേ, അങ്ങേക്കു മഹത്ത്വം.

തുടർന്ന്, ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ കുന്തിരിക്കം ഉപയോഗിക്കുകയാണെങ്കിൽ ഗ്രന്ഥം ധൂപിക്കുകയും സുവിശേഷം പ്രഘോഷിക്കുകയും ചെയ്യുന്നു.

16. സുവിശേഷപ്രഘോഷണത്തിന്റെ അവസാനം ഡീക്കൻ അല്ലെങ്കിൽ പുരോഹിതൻ ഉദ്ഘോഷിക്കുന്നു:

കർത്താവിന്റെ സുവിശേഷം

എല്ലാവരും :

ക്രിസ്തുവേ, അങ്ങേക്കു സ്തുതി.

തുടർന്ന്, ഗ്രന്ഥം ചുംബിച്ചുകൊണ്ട് അദ്ദേഹം സ്വഗതമായി ഇപ്രകാരം പറയുന്നു:

സുവിശേഷവചനങ്ങളാൽ നമ്മുടെ പാപങ്ങൾ മായ്ക്കപ്പെടട്ടെ.

17. തുടർന്ന് സുവിശേഷപ്രസംഗം. ഇത് എല്ലാഞായറാഴ്ചയും കടമുള്ള തിരുനാളുകളിലും വൈദികനോ ഡീക്കനോ നടത്തേണ്ടതാണ്; മറ്റുദിവസങ്ങളിലും അത് അഭിലഷണീയമാണ്.

18. സുവിശേഷപ്രസംഗം കഴിഞ്ഞ് നിർദേശിച്ചിരിക്കുന്ന അവസരങ്ങളിൽ, വിശ്വാസപ്രമാണം അഥവാ വിശ്വാസപ്രഖ്യാപനം ആലപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നു:

ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു;
സ്വർഗത്തിന്റെയും ഭൂമിയുടെയും /ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിന്റെയും / സ്രഷ്ടാവും സർവശക്തനുമായ പിതാവിലും ഞാൻ വിശ്വസിക്കുന്നു. / ഏക കർത്താവും ഏകജാതനായ ദൈവപുത്രനും എല്ലാ യുഗങ്ങൾക്കുംമുമ്പ് പിതാവിൽനിന്നു ജനിച്ചവനുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. / ദൈവത്തിൽനിന്നുള്ള ദൈവവും / പ്രകാശത്തിൽനിന്നുള്ള പ്രകാശവും / സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും / ജനിച്ചവനെങ്കിലും സൃഷ്ടിക്കപ്പെടാത്തവനും / പിതാവുമായി സത്തയിൽ ഏകനുമായ / അവിടന്നുവഴി സകലവും സൃഷ്ടിക്കപ്പെട്ടു. / മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടന്ന് സ്വർഗത്തിൽനിന്നിറങ്ങി;

തുടർന്നുവരുന്ന വാക്കുകൾ മുതൽ മനുഷ്യനായിത്തീർന്നു എന്നതുവരെ എല്ലാവരും ശിരസ്സു നമിക്കുന്നു.

പരിശുദ്ധാത്മാവാൽ കന്യകമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച്/ മനുഷ്യനായിത്തീർന്നു/ പോന്തിയൂസ് പീലാത്തോസിന്റെ കാലത്ത്/ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട്, പീഡകൾ സഹിച്ചു മരിച്ച് / അടക്കപ്പെട്ടു;/ ലിഖിതങ്ങളനുസരിച്ചു മൂന്നാംദിവസം ഉയിർക്കുകയും/ സ്വർഗത്തിലേക്ക് ആരോഹണംചെയ്യുകയും പിതാവിന്റെ വലത്തുഭാഗത്തിരിക്കുകയും ചെയ്യുന്നു;/ ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ / അവിടന്നു മഹത്ത്വത്തോടെ വീണ്ടും വരും; അവിടത്തെ രാജ്യത്തിന് അവസാനം ഉണ്ടാവുകയുമില്ല./ കർത്താവും ജീവദാതാവും/ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും/ പിതാവിനോടും പുത്രനോടുമൊപ്പം / ആരാധിക്കപ്പെടുന്നവനും / സ്തുതിക്കപ്പെടുന്നവനും/ പ്രവാചകന്മാർവഴി സംസാരിച്ചവനുമായ/ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. / ഏകവും/ വിശുദ്ധവും / സാർവത്രികവും,/ അപ്പസ്തോലികവുമായ സഭയിലും ഞാൻ വിശ്വസിക്കുന്നു./ പാപങ്ങളുടെ മോചനത്തിനായുള്ള ഏകജ്ഞാനസ്നാനം ഞാൻ ഏറ്റുപറയുകയും/ മരിച്ചവരുടെ ഉയിർപ്പും / വരാനിരിക്കുന്ന യുഗത്തിലെ ജീവിതവും/ ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആമേൻ.

### പദ്യരൂപം

ഏകനാം ദൈവത്തിൽ വിശ്വസിക്കുന്നേൻ
ആകാശത്തിന്റെയും ഭൂമിയുടെയും
ദൃശ്യാദൃശ്യങ്ങളാമെല്ലാറ്റിന്റെയും
സ്രഷ്ടാവും സർവൈകശക്തനുമായ
ദൈവപിതാവിൽ ഞാൻ വിശ്വസിക്കുന്നേൻ.

എല്ലാ യുഗങ്ങൾക്കുംമുമ്പു പിതാവിൽ-
നിന്നു ജനിച്ചൊരു ദൈവസുതനും
ഏകനാം ജാതനും നാഥനുമായ
ക്രിസ്തുവാം ഈശോയിൽ വിശ്വസിക്കുന്നേൻ.

ദൈവത്തിൽനിന്നുള്ള ദൈവമാണെന്നും
ദീപ്തിയിൽനിന്നുള്ള ദീപ്തിയാണെന്നും
സത്യദൈവം തന്നിൽനിന്നുള്ള സാക്ഷാൽ
ദൈവമാണെന്നും ഞാൻ വിശ്വസിക്കുന്നേൻ.

ജാതനാണെങ്കിലും സൃഷ്ടനല്ലെന്നും
സത്തയിൽ താതനോടേകനാണെന്നും
സർവവും താൻവഴി സൃഷ്ടമായെന്നും
സന്തതം ഞാനേവം വിശ്വസിക്കുന്നേൻ.

നമ്മൾക്കും നമ്മൾതൻ രക്ഷയ്ക്കുംവേണ്ടി
സ്വർഗത്തിൽനിന്നുമിറങ്ങിയിപ്പാരിൽ,
കന്യാമറിയത്തിൽനിന്നു റൂഹായാൽ
ധന്യശരീരമെടുത്തു നരനായ്.

പോന്തിയോസ് പീലാത്തോസ് വാണിടുംനാളിൽ
നമ്മൾക്കായ് ഘോരമാം പീഡകളേറ്റു
ക്രൂശിൽ മരിച്ചു സംസ്കാരവുമാർന്നു:
വിശ്വസിക്കുന്നേനീ സത്യങ്ങളെല്ലാം.

മുന്നം ലിഖിതങ്ങൾ ചൊന്നതുപോലെ
മൂന്നാംദിവസമുയിർത്തെഴുന്നേറ്റു.
സ്വർഗത്തിലേറി ഇരുന്നരുളുന്നു
തൻപിതാവിൻ വലംപാർശ്വത്തിലായി.

ജീവിപ്പോരെയും മരിച്ചവരെയും
ന്യായംവിധിക്കാൻ പ്രതാപങ്ങളോടെ
വീണ്ടുംവരും, അന്തമില്ലാത്തതാണാ
തൻവാഴ്ചയെന്നതും വിശ്വസിക്കുന്നേൻ.

താതനിൽനിന്നും തനയനിൽനിന്നും
ചെമ്മേ പുറപ്പെടും പാവനാത്മാവിൽ,
താതനും ജാതനുമൊന്നിച്ചു നിത്യം
സ്തുത്യനും പൂജ്യനുമാകും റൂഹായിൽ

വേദപ്രവാചകന്മാർ വഴിയെല്ലാം
നമ്മോടരുൾചെയ്ത ജീവദാതാവും
കർത്താവുമായുള്ള പാവനാത്മാവിൽ
ഏറ്റം ഉറപ്പായി വിശ്വസിക്കുന്നേൻ.

വിശ്വസിക്കുന്നു ഞാൻ ഏകവിശുദ്ധ
കാതോലിക്കാപ്പസ്തോലിക്കാസഭയിൽ
പാപവിമോചനമേകുന്നൊരേക
ജ്ഞാനസ്നാനം ഭക്ത്യാ പ്രഖ്യാപിക്കുന്നേൻ.

മൃത്യു വരിച്ചവർക്കുള്ളോരുയിർപ്പും
നിത്യപരലോകജീവിതവും ഞാൻ
വിശ്വസിച്ചേറ്റമുറപ്പായിഹത്തിൽ
പ്രത്യാശയോടിതാ കാത്തിരിക്കുന്നേൻ.
ആമേൻ.

19. നൈസെയാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിനുപകരം, പ്രത്യേകിച്ച്, തപസ്സുകാലത്തും പെസഹാക്കാലത്തും അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണമെന്നറിയപ്പെടുന്ന റോമാസഭയുടെ ജ്ഞാനസ്നാനപരമായ വിശ്വാസപ്രമാണം, ഉപയോഗിക്കാവുന്നതാണ്.

സർവശക്തനായ പിതാവും സ്വർഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ഏകദൈവത്തിലും അവിടത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു.

തുടർന്നുവരുന്ന വാക്കുകൾ മുതൽ കന്യകമറിയത്തിൽനിന്നു പിറന്ന് എന്നതുവരെ എല്ലാവരും ശിരസ്സ് നമിക്കുന്നു.

അവിടന്ന് പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകമറിയത്തിൽനിന്നു പിറന്ന്, പോന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, ക്രൂശിക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ട്, പാതാളങ്ങളിലിറങ്ങി മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാംദിവസം ഉയിർത്ത് സ്വർഗത്തിലേക്ക് എഴുന്നള്ളി സർവശക്തനായ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു; അവിടെനിന്ന് ജീവിക്കുന്നവ

രെയും മരിച്ചവരെയും വിധിക്കാൻവരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു, ആമേൻ.

20. സാർവത്രികപ്രാർഥന അഥവാ വിശ്വാസികളുടെ പ്രാർഥന തുടർന്നുവരുന്നു.

## സ്തോത്രയാഗകർമം

21. ഇവ തീർന്നശേഷം കാഴ്ചവയ്പുഗാനം ആരംഭിക്കുന്നു. തത്സമയം ശുശ്രൂഷകർ തിരുശീല, മാർജനശീല, പാനപാത്രത്തിന്റെ മൂടി, ദിവ്യപൂജാഗ്രന്ഥം എന്നിവ അൾത്താരയിൽ ക്രമപ്പെടുത്തിവയ്ക്കുന്നു.

22. വിശ്വാസികൾ കാഴ്ചവസ്തുവിലൂടെ തങ്ങളുടെ ഭാഗഭാഗിത്വം പ്രകടമാക്കാൻ ദിവ്യപൂജാഘോഷത്തിനുള്ള അപ്പത്തോടും വീഞ്ഞിനോടുമൊപ്പം ദൈവാലയത്തിന്റെയും പാവങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റാനുള്ള മറ്റു കാഴ്ചവസ്തുക്കളും കൊണ്ടുവരുന്നത് അഭിലഷണീയമാണ്.

23. പുരോഹിതൻ അൾത്താരയിൽനിന്നുകൊണ്ട് അപ്പത്തോടൊപ്പം തളികയുമെടുത്ത്, ഇരുകൈകളുംകൊണ്ട് അൾത്താരയിൽനിന്ന് അത് അല്പം ഉയർത്തിപ്പിടിച്ച്, താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, അങ്ങയുടെ ഔദാര്യത്താലാണല്ലോ ഞങ്ങൾക്ക് ജീവന്റെ ഭോജനമായിത്തീരാനുള്ള ഭൂമിയുടെയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായ ഈ അപ്പം ഞങ്ങൾ സ്വീകരിക്കുകയും അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നത്. സർവപ്രപഞ്ചത്തിന്റെയും ദൈവമേ, അങ്ങു വാഴ്ത്തപ്പെടട്ടെ.

അപ്പത്തോടുകൂടെ തളിക തിരുശീലയിൽ വയ്ക്കുന്നു.

കാഴ്ചവയ്പു ഗാനമില്ലാത്തപക്ഷം, ഈ വാക്കുകൾ പുരോഹിതന് ഉയർന്നസ്വരത്തിൽ ചൊല്ലാവുന്നതാണ്; അവസാനം ജനം പ്രഘോഷിക്കുന്നു:

ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ.

24. ഡീക്കൻ അഥവാ പുരോഹിതൻ പാനപാത്രത്തിൽ വീഞ്ഞും അല്പം വെള്ളവും ഒഴിച്ചുകൊണ്ട് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

ഈ വെള്ളത്തിന്റെയും വീഞ്ഞിന്റെയും രഹസ്യംവഴി ഞങ്ങളുടെ മനുഷ്യപ്രകൃതിയിൽ പങ്കാളിയാകാൻ തിരുവുള്ളമായ അവിടത്തെ ദിവ്യപ്രകൃതിയിൽ ഞങ്ങളും പങ്കാളികളാകുമാറാകട്ടെ.

25. തുടർന്ന് പുരോഹിതൻ പാനപാത്രമെടുത്ത്, അത് ഇരുകരങ്ങളുംകൊണ്ട് അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, അങ്ങയുടെ ഔദാര്യത്താലാണല്ലോ ഞങ്ങൾക്ക് ആത്മീയപാനീയമായിത്തീരാനുള്ള മുന്തിരിവള്ളിയുടെയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായ ഈ വീഞ്ഞ് ഞങ്ങൾ സ്വീകരിക്കുകയും അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നത്. സർവപ്രപഞ്ചത്തിന്റെയും ദൈവമേ, അങ്ങു വാഴ്ത്തപ്പെടട്ടെ.

അനന്തരം തിരുശീലയിൽ പാനപാത്രം വയ്ക്കുന്നു.

കാഴ്ചവയ്പുഗാനമില്ലാത്തപക്ഷം, ഈ വാക്കുകൾ പുരോഹിതന് ഉയർന്ന സ്വരത്തിൽ ചൊല്ലാവുന്നതാണ്; അവസാനം ജനം പ്രഘോഷിക്കുന്നു:

ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ.

26. അനന്തരം പുരോഹിതൻ കുമ്പിട്ട് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, എളിമയുടെ അരൂപിയും അനുതപിക്കുന്ന ഹൃദയവുമുള്ള ഞങ്ങളെ അങ്ങ് സ്വീകരിക്കണമേ. അങ്ങനെ, കർത്താവായ ദൈവമേ, ഇന്ന് അങ്ങയുടെ തിരുമുമ്പിൽ ഞങ്ങളുടെ ബലി അങ്ങേക്ക് പ്രീതികരമായിത്തീരട്ടെ.

27. സന്ദർഭോചിതമായി കാഴ്ചദ്രവ്യങ്ങളും കുരിശും അൾത്താരയും അദ്ദേഹം ധൂപിക്കുന്നു. തുടർന്ന്, ഡീക്കനോ മറ്റൊരു ശുശ്രൂഷകനോ പുരോഹിതനെയും ജനത്തെയും ധൂപിക്കുന്നു.

28. അനന്തരം, പുരോഹിതൻ അൾത്താരയുടെ ഒരു വശത്തുനിന്ന് കൈകൾ കഴുകിക്കൊണ്ട് സ്വഗതമായി ചൊല്ലുന്നു:

കർത്താവേ, എന്റെ മാലിന്യത്തിൽനിന്ന് എന്നെ കഴുകുകയും പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കുകയും ചെയ്യണമേ.

29. തുടർന്ന് അൾത്താരയുടെ മധ്യഭാഗത്ത്, ജനങ്ങൾക്കഭിമുഖമായി നിന്ന്, പുരോഹിതൻ കൈകൾ വിരിക്കുകയും കൂപ്പുകയും ചെയ്തുകൊണ്ട് ചൊല്ലുന്നു:

സഹോദരരേ, എന്റെയും നിങ്ങളുടെയുംബലി സർവശക്തനും പിതാവുമായ ദൈവത്തിനു സ്വീകാര്യമാകാൻവേണ്ടി പ്രാർഥിക്കുവിൻ.

ജനം എഴുന്നേറ്റ് പ്രത്യുത്തരിക്കുന്നു:

കർത്താവ് തന്റെ നാമത്തിന്റെ സ്തുതിക്കും മഹിമയ്ക്കും നമ്മുടെയും അവിടത്തെ സാർവത്രികവിശുദ്ധസഭയുടെയും നന്മയ്ക്കുമായി, അങ്ങയുടെ കരങ്ങളിൽനിന്ന് ഈ ബലി സ്വീകരിക്കുമാറാകട്ടെ.

30. അനന്തരം പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് നൈവേദ്യപ്രാർഥന ചൊല്ലുന്നു. അതിന്റെ അവസാനം ജനം പ്രഘോഷിക്കുന്നു:

ആമേൻ.

# സ്തോത്രയാഗപ്രാർഥന

31. തുടർന്ന്, പുരോഹിതൻ സ്തോത്രയാഗപ്രാർഥന ആരംഭിക്കുന്നു. കൈകൾവിരിച്ചുകൊണ്ട് ചൊല്ലുന്നു:

കർത്താവു നിങ്ങളോടുകൂടെ

ജനം :

അങ്ങയുടെ ആത്മാവോടുംകൂടെ

പുരോഹിതൻ കരങ്ങൾ ഉയർത്തിക്കൊണ്ടു തുടരുന്നു:

ഹൃദയങ്ങൾ ഉയർത്തുവിൻ

ജനം :

കർത്താവിങ്കലേക്ക് ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പുരോഹിതൻ വിരിച്ചകരങ്ങളുമായി തുടരുന്നു:

നമ്മുടെ കർത്താവായ ദൈവത്തിന് നന്ദിപ്രകാശിപ്പിക്കാം.

ജനം :

അത് ഉചിതവും ന്യായവുമത്രേ.

പുരോഹിതൻ വിരിച്ചകരങ്ങളുമായി ആമുഖഗീതി തുടരുന്നു.

ആമുഖഗീതിയുടെ അവസാനം അദ്ദേഹം കരങ്ങൾകൂപ്പി, ആമുഖഗീതി അവസാനിപ്പിച്ചുകൊണ്ട് ജനങ്ങളോടൊത്ത് ആലപിക്കുകയോ ഉയർന്നസ്വരത്തിൽ ചൊല്ലുകയോ ചെയ്യുന്നു:

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. സ്വർഗവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

പദ്യരൂപം

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
സൈന്യങ്ങൾതൻ കർത്താവാം
ദൈവം പരിശുദ്ധൻ

1. നിരുപമമങ്ങേ മഹിമകളാൽ
നിറഞ്ഞുമഹിയും വിണ്ടലവും
ഹോസാന, ഹോസാന
അത്യുന്നതങ്ങളിൽ ഹോസാന.

2. കർത്താവിൻ തിരുനാമത്തിൽ
വരുവോൻ ഏറ്റം ധന്യനുമാം
ഹോസാന, ഹോസാന,
അത്യുന്നതങ്ങളിൽ ഹോസാന.

32. സംഗീത മാർഗരേഖകളിൽ പറയുന്ന സ്തോത്രയാഗപ്രാർഥനയിലെ ഭാഗങ്ങൾ, പ്രത്യേകിച്ച് പ്രധാനപ്പെട്ടവ, എല്ലാ ദിവ്യപൂജയിലും പുരോഹിതന് ആലപിക്കാവുന്നതാണ്.

ഒന്നാമത്തെ സ്തോത്രയാഗപ്രാർഥനയിൽ, റോമൻ കാനനിൽ ബ്രാക്കറ്റിലുള്ളവ ഉപേക്ഷിക്കാവുന്നതാണ്.

## ആഗമനകാലത്തെ ഒന്നാം ആമുഖഗീതി

ക്രിസ്തുവിന്റെ രണ്ട് ആഗമനങ്ങൾ

33. ആഗമനകാലം ഒന്നാമത്തെ ഞായർ മുതൽ ഡിസംബർ 16 വരെയുള്ള ദിവ്യബലികളിലും പ്രത്യേക ആമുഖഗീതിയില്ലാത്തതും ഈ കാലത്തിൽ ആഘോഷിക്കുന്നതുമായ മറ്റു ദിവ്യബലികളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**പ്ര**ഥമ ആഗമനത്തിൽ അവിടന്ന് എളിയ ശരീരപ്രകൃതി സ്വീകരിച്ചുകൊണ്ട് പൂർവികപദ്ധതിയുടെ സംവിധാനം പൂർത്തീകരിക്കുകയും ഞങ്ങൾക്ക് നിത്യരക്ഷയുടെ മാർഗം തുറന്നുതരുകയും ചെയ്തു. അങ്ങനെ, അവിടത്തെ പ്രഭാവത്തിന്റെ മഹത്ത്വത്തിൽ രണ്ടാമതും എഴുന്നള്ളുമ്പോൾ, ഞങ്ങളിപ്പോൾ ജാഗരൂകരായി കാത്തിരിക്കാൻ മുതിരുന്ന വാഗ്ദാനം അവസാനം പ്രത്യക്ഷത്തിൽ ഞങ്ങൾ സ്വീകരിക്കുമാറാകട്ടെ.

**ആ**കയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും ഭദ്രാസനന്മാരോടും അധീശന്മാരോടും സ്വർഗീയസൈന്യത്തിന്റെ എല്ലാ വൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## ആഗമനകാലത്തെ രണ്ടാം ആമുഖഗീതി

ക്രിസ്തുവിനെക്കുറിച്ചുള്ള ദ്വിവിധപ്രതീക്ഷ

34. ഡിസംബർ 17 മുതൽ 24 വരെയുള്ള കാലയളവിലെ ദിവ്യബലികളിലും തനതായ ആമുഖഗീതിയില്ലാത്ത മറ്റു ദിവ്യബലികളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ല്ലാ പ്രവാചകന്മാരുടെയും പ്രഘോഷണം അവിടത്തെ പ്രവചിച്ചു. കന്യകമാതാവ് അവാച്യമായ സ്നേഹത്തോടെ അവിടത്തെ സംവഹിച്ചു, യോഹന്നാൻ അവിടത്തെ വരവിനെ പാടിപ്പുകഴ്ത്തുകയും ആഗതനായപ്പോൾ കാണിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെ പ്രാർഥനയിൽ ജാഗരൂകരും അവിടത്തെ സ്തുതിഗീതികൾ ആലപിക്കുന്നവരുമായി കാണാനും തന്റെ മനുഷ്യാവതാരരഹസ്യത്തിലേക്ക് ആഹ്ലാദപൂർവം എത്തിച്ചേരാനും ഞങ്ങളെ അവിടന്ന് അനുഗ്രഹിക്കുമാറാകട്ടെ.

**ആ**കയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും ഭദ്രാസനന്മാരോടും അധീശന്മാരോടും സ്വർഗീയസൈന്യത്തിന്റെ എല്ലാ വൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## കർത്താവിന്റെ തിരുപ്പിറവി: ഒന്നാം ആമുഖഗീതി

ക്രിസ്തു : പ്രകാശം

35. കർത്താവിന്റെ തിരുപ്പിറവിയിലും അതിന്റെ എട്ടാമിടത്തിലും കർത്താവിന്റെ തിരുപ്പിറവിയുടെ അഷ്ടദിനങ്ങളിലുള്ള ദിവ്യബലിയിലും പ്രത്യേക ആമുഖഗീതി ഉണ്ടാകാനിടയുള്ള ദിവ്യബലിയിൽപ്പോലും ദൈവികരഹസ്യങ്ങളുടെയോ ദൈവികവ്യക്തികളുടെയോ പ്രത്യേക ആമുഖഗീതിയുള്ള ദിവ്യബലി ഒഴികെ, തിരുപ്പിറവിക്കാലത്തെ ഇടദിവസങ്ങളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു:

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

എന്തെന്നാൽ, മനുഷ്യാവതാരംചെയ്ത വചനത്തിന്റെ രഹസ്യം വഴി അങ്ങേ ശോഭയുടെ നവ്യപ്രഭ, ഞങ്ങളുടെ മനോനേത്രങ്ങൾക്ക് പ്രകാശിതമായി. അങ്ങനെ ദൃശ്യരൂപത്തിൽ ദൈവത്തെ ഞങ്ങൾ അറിയുമ്പോൾ, അതുവഴി അദൃശ്യമായവയുടെ സ്നേഹത്തിലേക്ക് ഞങ്ങൾ ആകൃഷ്ടരാകട്ടെ.

ആകയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും ഭദ്രാസനന്മാരോടും അധിശന്മാരോടും സ്വർഗീയസൈന്യത്തിന്റെ എല്ലാ വൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ,
സൈന്യങ്ങളുടെ കർത്താവായ ദൈവം.
ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ
നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന.
കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ.
ഉന്നതങ്ങളിൽ ഹോസാന.

റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു. p.

ജാഗരണത്തിലും കർത്താവിന്റെ തിരുപ്പിറവിയുടെ രാത്രിയിലും ആഘോഷിക്കപ്പെടുന്ന ദിവ്യബലിയിൽ ചൊല്ലുന്നു: ഏറ്റവും പരിശുദ്ധരാത്രി ആഘോഷിച്ചുകൊണ്ടും, അതിൽ, മുതലായവ; അതിനുശേഷം കർത്താവിന്റെ തിരുപ്പിറയിവുടെ അഷ്ടദിനങ്ങളിൽ എപ്പോഴും ചൊല്ലുന്നു: ഏറ്റവും പരിശുദ്ധദിനം ആഘോഷിച്ചുകൊണ്ടും, അതിൽ മുതലായവ.

## കർത്താവിന്റെ തിരുപ്പിറവി: രണ്ടാം ആമുഖഗീതി

മനുഷ്യാവതാരത്തിലെ സാർവത്രിക പുനരുദ്ധാരണം

36. കർത്താവിന്റെ തിരുപ്പിറവിയിലും അതിന്റെ എട്ടാമിടത്തിലും കർത്താവിന്റെ തിരുപ്പിറവിയുടെ അഷ്ടദിനങ്ങളിലുള്ള ദിവ്യബലിയിലും പ്രത്യേക ആമുഖഗീതി ഉണ്ടാകാനിടയുള്ള ദിവ്യബലിയിൽപ്പോലും ദൈവിക രഹസ്യങ്ങളുടെയോ ദൈവികവ്യക്തികളുടെയോ പ്രത്യേക ആമുഖഗീതിയുള്ള ദിവ്യബലി ഒഴികെ, തിരുപ്പിറവിക്കാലത്തെ ഇടദിവസങ്ങളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു:

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ, ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**ഈ** സംപൂജ്യമായ രഹസ്യത്തിന്റെ തിരുനാളിൽ, അവിടന്ന് തന്റെ ദിവ്യപ്രകൃതിയിൽ അദൃശ്യനാണെങ്കിലും നമ്മുടെ മനുഷ്യപ്രകൃതിയിൽ ദൃശ്യരൂപത്തിൽ പ്രത്യക്ഷനായി. കാലങ്ങൾക്കുമുമ്പേ ജാതനാണെങ്കിലും കാലത്തിലായിരിക്കാൻ തുടങ്ങി. അങ്ങനെ, ചിതറിക്കപ്പെട്ടതെല്ലാം തന്നിൽ ശേഖരിച്ചുകൊണ്ട്, സകലതും സമഗ്രമായി സമുദ്ധരിക്കുകയും വഴിതെറ്റിയ മനുഷ്യനെ സ്വർഗരാജ്യത്തിലേക്ക് തിരികെ വിളിക്കുകയും ചെയ്തു.

**ആ**കയാൽ, ഞങ്ങളും ആഹ്ലാദപൂർവകമായ ആഘോഷത്തോടെ പ്രകീർത്തിച്ചുകൊണ്ട് എല്ലാ മാലാഖമാരോടുമൊത്ത് അങ്ങയെ പുകഴ്ത്തുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ,
സൈന്യങ്ങളുടെ കർത്താവായ ദൈവം.
ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ
നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന.
കർത്താവിന്റെ നാമത്തിൽ വരുന്നവൻ
അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു. p.

ജാഗരണത്തിലും കർത്താവിന്റെ തിരുപ്പിറവിയുടെ രാത്രിയിലും ആഘോഷിക്കപ്പെടുന്ന ദിവ്യബലിയിൽ ചൊല്ലുന്നു: ഏറ്റവും പരിശുദ്ധരാത്രി ആഘോഷിച്ചുകൊണ്ടും, അതിൽ, മുതലായവ; അതിനുശേഷം കർത്താവിന്റെ തിരുപ്പിറയിവുടെ അഷ്ടദിനങ്ങളിൽ എപ്പോഴും ചൊല്ലുന്നു: ഏറ്റവും പരിശുദ്ധദിനം ആഘോഷിച്ചുകൊണ്ടും, അതിൽ മുതലായവ.

## കർത്താവിന്റെ തിരുപ്പിറവി: മൂന്നാം ആമുഖഗീതി

വചനത്തിന്റെ മനുഷ്യാവതാരത്തിലുള്ള വിനിമയം

37. കർത്താവിന്റെ തിരുപ്പിറവിയിലും അതിന്റെ എട്ടാമിടത്തിലും കർത്താവിന്റെ തിരുപ്പിറവിയുടെ അഷ്ടദിനങ്ങളിലുള്ള ദിവ്യബലിയിലും പ്രത്യേക ആമുഖഗീതി ഉണ്ടാകാനിടയുള്ള ദിവ്യബലിയിൽപ്പോലും ദൈവിക രഹസ്യങ്ങളുടെയോ ദൈവികവ്യക്തികളുടെയോ പ്രത്യേക ആമുഖഗീതിയുള്ള ദിവ്യബലി ഒഴികെ, തിരുപ്പിറവിക്കാലത്തെ ഇടദിവസങ്ങളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു
നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത്, യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**വിടന്നുവഴി നമ്മുടെ വീണ്ടെടുപ്പിന്റെ സംസർഗം പ്രസ്പഷ്ടമായി. എന്തെന്നാൽ, അവിടത്തെവചനം ഞങ്ങളുടെ ബലഹീനത സ്വീകരിച്ചപ്പോൾ, മാനുഷികനശ്വരത നിത്യബഹുമതിയിലേക്കു കടക്കുക മാത്രമല്ല, വിസ്മയനീയമായ പങ്കാളിത്തത്താൽ ഞങ്ങളും നിത്യരായി ഭവിക്കുകയും ചെയ്തു.

**ആ**കയാൽ, മാലാഖമാരുടെ ഗായകസംഘത്തോടൊപ്പം ആഹ്ളാദഭരിതരായി പ്രകീർത്തിച്ചുകൊണ്ട് അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു:

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ,
സൈന്യങ്ങളുടെ കർത്താവായ ദൈവം.
ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ
നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന.
കർത്താവിന്റെ നാമത്തിൽ വരുന്നവൻ
അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു. p.

ജാഗരണത്തിലും കർത്താവിന്റെ തിരുപ്പിറവിയുടെ രാത്രിയിലും ആഘോഷിക്കപ്പെടുന്ന ദിവ്യബലിയിൽ ചൊല്ലുന്നു: ഏറ്റവും പരിശുദ്ധരാത്രി ആഘോഷിച്ചുകൊണ്ടും അതിൽ, മുതലായവ; അതിനുശേഷം കർത്താവിന്റെ തിരുപ്പിറയിവുടെ അഷ്ടദിനങ്ങളിൽ എപ്പോഴും ചൊല്ലുന്നു: ഏറ്റവും പരിശുദ്ധ ദിനം ആഘോഷിച്ചുകൊണ്ടും, അതിൽ മുതലായവ.

## കർത്താവിന്റെ പ്രത്യക്ഷീകരണം: ആമുഖഗീതി

ക്രിസ്തു, ജനതകളുടെ പ്രകാശം

38. പ്രത്യക്ഷീകരണ മഹോത്സവത്തിന്റെ ദിവ്യപൂജയിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു. ഇതോ തിരുപ്പിറവിയുടെ ആമുഖഗീതികളിലൊന്നോ പ്രത്യക്ഷീകരണത്തിനുശേഷം കർത്താവിന്റെ ജ്ഞാനസ്നാന തിരുനാളിനുമുമ്പുവരുന്ന ശനിയാഴ്ചവരെയുള്ള ദിവസങ്ങളിൽ ചൊല്ലാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, ഇന്ന് ക്രിസ്തുവിൽ ഞങ്ങളുടെ രക്ഷയുടെ രഹസ്യം ജനതകളുടെ പ്രകാശമായി അങ്ങ് വെളിപ്പെടുത്തുകയും ഞങ്ങളുടെ മർത്യപ്രകൃതിയുടെ സത്തയിൽ അവിടന്നു പ്രത്യക്ഷപ്പെട്ടപ്പോൾ അവിടത്തെ അമർത്യതയുടെ നവ്യമഹിമയാൽ ഞങ്ങളെ സമുദ്ധരിക്കുകയും ചെയ്തു.

**ആ**കയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും ഭദ്രാസനന്മാരോടും അധീശന്മാരോടും സ്വർഗീയസൈന്യത്തിന്റെ എല്ലാ വൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

പ്രത്യക്ഷീകരണ മഹോത്സവത്തിൽ, റോമൻകാനൻ ഉപയോഗിക്കുമ്പോൾ, പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു. p.

## തപസ്സുകാലം: ഒന്നാം ആമുഖഗീതി

തപസ്സുകാലത്തിന്റെ ആധ്യാത്മികപൊരുൾ

39. തപസ്സുകാലത്ത്/പ്രത്യേകിച്ച് ഞായറാഴ്ചകളിൽ, മറ്റു പ്രത്യേക ആമുഖഗീതി നിർദേശിക്കപ്പെടാത്തപ്പോൾ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, നിർമലമാനസരായി ആഹ്ലാദപൂർവം ആണ്ടുതോറും പെസഹാരഹസ്യങ്ങൾ പ്രതീക്ഷിക്കാൻ, അങ്ങയുടെ വിശ്വാസികളെ അങ്ങ് കനിഞ്ഞനുഗ്രഹിച്ചുവല്ലോ. അങ്ങനെ അവർ നവജന്മംപ്രാപിച്ച രഹസ്യങ്ങളിൽ കൂടക്കൂടെ പങ്കുചേർന്ന് ഭക്തകൃത്യങ്ങളും പരസ്നേഹപ്രവൃത്തികളും കൂടുതൽ തീക്ഷ്ണതയോടെ നിർവഹിച്ചുകൊണ്ട് മക്കളുടെ കൃപാവരപൂർണിമയിലേക്ക് എത്തിച്ചേരുമാറാകട്ടെ.

**ആ**കയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും ഭദ്രാസനന്മാരോടും അധീശന്മാരോടും സ്വർഗീയസൈന്യത്തിന്റെ എല്ലാ വൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## തപസ്സുകാലം: രണ്ടാം ആമുഖഗീതി

ആധ്യാത്മികഅനുതാപം

40. തപസ്സുകാലത്തിൽ, പ്രത്യേകിച്ച് ഞായറാഴ്ചകളിൽ, മറ്റു പ്രത്യേക ആമുഖഗീതി നിർദേശിക്കപ്പെടാത്തപ്പോൾ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**മാ**നസങ്ങളുടെ പരിശുദ്ധി വീണ്ടെടുക്കാൻ സവിശേഷമായ കാലം കൃപാപൂർവം അങ്ങയുടെ മക്കൾക്ക് അങ്ങ് കല്പിച്ചുനല്കിയല്ലോ. അതുവഴി, അമിതമായ അഭിലാഷങ്ങളിൽനിന്നു വിമുക്തമായ മനസ്സോടെ അവർ നശ്വരമായവയിൽനിന്ന് മോചിതരായി അനശ്വരമായവയിൽ മുഴുകാനും ഇടയാക്കണമേ

**ആ**കയാൽ, വിശുദ്ധരോടും സകലമാലാഖമാരോടും ചേർന്ന്, അവിരാമം പ്രകീർത്തിച്ചുകൊണ്ട് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## തപസ്സുകാലം: മൂന്നാം ആമുഖഗീതി

### പരിത്യാഗത്തിന്റെ ഫലങ്ങൾ

41. തപസ്സുകാലത്തെ ഇടദിവസങ്ങളിലെയും ഉപവാസദിനങ്ങളിലെയും ദിവ്യ പൂജകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**ആ**ത്മപരിത്യാഗംവഴി അങ്ങേക്ക് ഞങ്ങൾ നന്ദിഅർപ്പിക്കണമെന്ന് അങ്ങു തിരുവുള്ളമായി. അങ്ങനെ അത് പാപികളായ ഞങ്ങളുടെ അഹങ്കാരം അമർത്തുന്നതിനും വിശക്കുന്നവർക്ക് ആഹാരം ലഭ്യമാക്കിക്കൊണ്ട്, അങ്ങയുടെ കാരുണ്യം അനുകരിക്കുന്നതിനും ഇടയാക്കുമല്ലോ.

**ആ**കയാൽ, എണ്ണമറ്റ മാലാഖമാരോടുചേർന്ന് ഏകസ്വരത്തിൽ സ്തുതിച്ചുകൊണ്ട് ഞങ്ങളങ്ങേ പ്രകീർത്തിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## തപസ്സുകാലം: നാലാം ആമുഖഗീതി

### ഉപവാസത്തിന്റെ ഫലങ്ങൾ

42. തപസ്സുകാലത്തെ ഇടദിവസങ്ങളിലെയും ഉപവാസദിവസങ്ങളിലെയും ദിവ്യപൂജകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**ശാ**രീരികഉപവാസത്താൽ അങ്ങു ദുർഗുണങ്ങൾ അമർത്തുകയും മനസ്സ് ഉയർത്തുകയും പുണ്യഫലങ്ങൾ വർഷിക്കുകയും ചെയ്യുന്നുവല്ലോ.

**ഞ**ങ്ങളുടെ കർത്താവായ ക്രിസ്തുവഴി മാലാഖമാർ അങ്ങയുടെ പ്രാഭവം വാഴ്ത്തുകയും അധീശന്മാർ ആരാധിക്കുകയും ആധികാരികന്മാർ ഭയഭക്തിപൂർവം നിലകൊള്ളുകയും ചെയ്യുന്നു. സ്വർഗവും സ്വർഗീയശാക്തികന്മാരും ധന്യരായ സെറാഫുകളും ആഹ്ലാദഭരിതരായി ഒന്നുചേർന്ന് ആഘോഷിക്കുന്നു.

**അ**വരോടൊത്ത് ഞങ്ങളുടെ സ്വരവും ചേരാൻ അനുവദിക്കണമെന്നു പ്രാർഥിച്ചുകൊണ്ട് ഞങ്ങളും അങ്ങയെ പ്രകീർത്തിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## കർത്താവിന്റെ പീഡാസഹനം: ഒന്നാം ആമുഖഗീതി

കുരിശിന്റെ ശക്തി

43. തപസ്സുകാലം അഞ്ചാംവാരത്തിലെയും കുരിശിന്റെ രഹസ്യത്തിന്റെയും കർത്താവിന്റെ പീഡാസഹനത്തിന്റെയും ദിവ്യപൂജകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, അങ്ങയുടെ പുത്രന്റെ രക്ഷാകരമായ പീഡാസഹനംവഴി സർവലോകവും പ്രകീർത്തിക്കേണ്ട അങ്ങയുടെ പ്രാഭവത്തിന്റെ പൊരുൾ ഗ്രഹിച്ചു. അതുപോലെതന്നെ, കുരിശിന്റെ അവാച്യമായ ശക്തിയാൽ ക്രൂശിതന്റെ ആധിപത്യം ലോകത്തിന്റെ വിധിയും വെളിപ്പെടുത്തി.

**ആ**കയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്, അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ആഹ്ലാദഭരിതരായി ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## കർത്താവിന്റെ പീഡാസഹനം: രണ്ടാം ആമുഖഗീതി

പീഡാസഹനത്തിന്റെ വിജയം

44. വിശുദ്ധവാരത്തിലെ തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത്, യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**വിടത്തെ രക്ഷാകരമായ പീഡാസഹനത്തിന്റെയും മഹനീയമായ ഉത്ഥാനത്തിന്റെയും ദിനങ്ങൾ ആസന്നമായിരിക്കുന്നു എന്നത് സുവിദിതമാണല്ലോ. അതുവഴി, പുരാതനശത്രുവിന്റെ അഹങ്കാരം തകർത്ത് വിജയംവരിച്ച് ഞങ്ങളുടെ രക്ഷയുടെ രഹസ്യം ആഘോഷിക്കപ്പെടുന്നു.

**അ**വിടന്നുവഴി മാലാഖമാരുടെസൈന്യം അങ്ങയുടെ പ്രാഭവം ആരാധിക്കുകയും അങ്ങയുടെ മുമ്പിൽ എന്നെന്നും ആനന്ദംകൊള്ളുകയും ചെയ്യുന്നു. അവരോടൊത്ത് ഞങ്ങളുടെ സ്വരവും ചേരാൻ അനുവദിക്കണമെന്നു പ്രാർഥിച്ചുകൊണ്ട് ആഹ്ളാദഭരിതരായി ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

# പെസഹാക്കാലം: ഒന്നാം ആമുഖഗീതി

## പെസഹാരഹസ്യം

45. പെസഹാക്കാലത്ത് താഴെകൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

പെസഹാജാഗരത്തിന്റെ ദിവ്യപൂജയിൽ വിശിഷ്യ ഈ രാത്രിയിൽ എന്നു ചൊല്ലുന്നു. ഉയിർപ്പുദിനത്തിലും പെസഹാ അഷ്ടദിനത്തിലും വിശിഷ്യ ഈ ദിനത്തിൽ എന്നു ചൊല്ലുന്നു. മറ്റവസരങ്ങളിൽ വിശിഷ്യ ഈ കാലയളവിൽ എന്നു ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, എല്ലാകാലത്തും വിശിഷ്യ, ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ട ഈ രാത്രിയിൽ (ഈ ദിനത്തിൽ, ഈ കാലയളവിൽ) അങ്ങയെ മഹാമഹിമയോടെ ഏറ്റുപറയുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, അവിടന്നാണ് ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന യഥാർഥകുഞ്ഞാട്. അവിടന്നു മരിച്ചുകൊണ്ട് ഞങ്ങളുടെ മരണം സംഹരിക്കുകയും ഉത്ഥാനംചെയ്തുകൊണ്ട് ജീവൻ പുനരുദ്ധരിക്കുകയും ചെയ്തു.

**ആ**കയാൽ, പെസഹാസന്തോഷത്താൽ നിറഞ്ഞ് ഭൂതലത്തിലെ സകലജനങ്ങളും ആഹ്ലാദിക്കുന്നു. മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്ക പ്രാർഥനയും ഉപാർപ്പണപ്രാർഥനയും ചൊല്ലുന്നു. pp.

പെസഹാജാഗരത്തിലെ ദിവ്യപൂജയിൽ, ഏറ്റവും പരിശുദ്ധരാത്രി ആഘോഷിക്കുന്ന ... എന്നു ചൊല്ലുന്നു.

## പെസഹാക്കാലം: രണ്ടാം ആമുഖഗീതി

ക്രിസ്തുവിൽ നവജീവൻ

46. പെസഹാക്കാലത്ത് താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, എല്ലാക്കാലത്തും വിശിഷ്യ, ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ട ഈ കാലയളവിൽ അങ്ങയെ മഹാമഹിമയോടെ പ്രകീർത്തിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**വിടന്നുവഴി വെളിച്ചത്തിന്റെ മക്കൾ നിത്യജീവിതത്തിലേക്ക് ഉയരുകയും വിശ്വാസികൾക്കായി സ്വർഗരാജ്യത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ, അവിടത്തെ മരണത്താൽ ഞങ്ങളുടെ മരണം ഇല്ലാതാവുകയും അവിടത്തെ ഉത്ഥാനത്താൽ സകലരുടെയും ജീവൻ ഉയിർക്കുകയും ചെയ്തു.

**ആ**കയാൽ, പെസഹാസന്തോഷത്താൽനിറഞ്ഞ് ഭൂതലത്തിലെ സകല ജനങ്ങളും ആഹ്ലാദിക്കുന്നു; മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെഗീതം ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## പെസഹാക്കാലം: മൂന്നാം ആമുഖഗീതി

ജീവിക്കുകയും നമുക്കുവേണ്ടി സദാ മാധ്യസ്ഥ്യം
വഹിക്കുകയും ചെയ്യുന്ന ക്രിസ്തു

47. പെസഹാക്കാലത്ത് താഴെകൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കര്‍ത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങള്‍ ഉയര്‍ത്തുവിന്‍.
R : കര്‍ത്താവിങ്കലേക്കു ഞങ്ങള്‍ ഉയര്‍ത്തിയിരിക്കുന്നു.
V : നമ്മുടെ കര്‍ത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ര്‍ത്താവേ, എല്ലാകാലത്തും വിശിഷ്യ, ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു ബലിയര്‍പ്പിക്കപ്പെട്ട ഈ കാലയളവില്‍ അങ്ങയെ ഏറ്റുപറയുന്നത് യഥാര്‍ഥത്തില്‍ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**വിടന്ന് തന്നത്തന്നെ ഞങ്ങള്‍ക്കുവേണ്ടി അര്‍പ്പിക്കുന്നതില്‍നിന്ന് ഒരിക്കലും വിരമിക്കാതിരിക്കുകയും അങ്ങയുടെ സന്നിധിയില്‍ നിരന്തരമായ മാധ്യസ്ഥ്യത്താല്‍ ഞങ്ങളെ പരിരക്ഷിക്കുകയും ചെയ്യുന്നു. അവിടന്ന് ബലിയര്‍പ്പിക്കപ്പെട്ടു, എങ്കിലും മരിക്കുന്നില്ല; വധിക്കപ്പെട്ടു, എങ്കിലും അവിടന്ന് എന്നും ജീവിക്കുന്നു.

**ആ**കയാല്‍, പെസഹാസന്തോഷത്താല്‍നിറഞ്ഞ് ഭൂലോകത്തിലെ സകല ജനങ്ങളും ആഹ്ലാദിക്കുന്നു; മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഒന്നുചേര്‍ന്ന് ആലപിക്കുന്നു:

**പ**രിശുദ്ധന്‍, പരിശുദ്ധന്‍, പരിശുദ്ധന്‍, സൈന്യങ്ങളുടെ കര്‍ത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാല്‍ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളില്‍ ഹോസാന. കര്‍ത്താവിന്റെ നാമത്തില്‍ വരുന്നവന്‍ അനുഗൃഹീതന്‍. ഉന്നതങ്ങളില്‍ ഹോസാന.

## പെസഹാക്കാലം: നാലാം ആമുഖഗീതി

പെസഹാരഹസ്യത്താലുള്ള പ്രപഞ്ചപുനരുദ്ധാരണം

48. പെസഹാക്കാലത്ത് താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, എല്ലാക്കാലത്തും വിശിഷ്യ, ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ട ഈ കാലയളവിൽ അങ്ങയെ ഏറ്റുപറയുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, പുരാതനമായവ ഉന്മൂലനം ചെയ്യപ്പെടുകയും തകർന്നപ്രപഞ്ചം നവീകരിക്കപ്പെടുകയും ക്രിസ്തുവിൽ ഞങ്ങൾക്കായി ജീവന്റെ സമഗ്രത സമുദ്ധരിക്കപ്പെടുകയും ചെയ്തു.

**ആ**കയാൽ, പെസഹാസന്തോഷത്താൽ നിറഞ്ഞ് ഭൂതലത്തിലെ സകലജനങ്ങളും ആഹ്ലാദിക്കുന്നു; മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## പെസഹാക്കാലം: അഞ്ചാം ആമുഖഗീതി

പുരോഹിതനും ബലിവസ്തുവുമായ ക്രിസ്തു

49. പെസഹാക്കാലത്ത് താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, എല്ലാക്കാലത്തും വിശിഷ്യ, ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ട ഈ കാലയളവിൽ, അങ്ങയെ ഏറ്റുപറയുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**വിടത്തെ ശരീരത്തിന്റെ അർപ്പണംവഴി പുരാതനബലികൾ കുരിശിന്റെ രഹസ്യത്തിൽ പൂർത്തീകരിക്കുകയും ഞങ്ങളുടെ രക്ഷയ്ക്കായി തന്നത്തന്നെ അങ്ങേക്കു സമർപ്പിച്ചുകൊണ്ട് ഒരേ സമയം പുരോഹിതനും അൾത്താരയും കുഞ്ഞാടുമാണെന്ന് അവിടന്ന് വെളിപ്പെടുത്തുകയും ചെയ്തു.

**ആ**കയാൽ, പെസഹാസന്തോഷത്താൽ നിറഞ്ഞ് ഭൂലോകത്തിലെ സകലജനങ്ങളും ആഹ്ലാദിക്കുന്നു; മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## കർത്താവിന്റെ സ്വർഗാരോഹണം: ഒന്നാം ആമുഖഗീതി

### സ്വർഗാരോഹണത്തിന്റെ രഹസ്യം

50. കർത്താവിന്റെ സ്വർഗാരോഹണദിനത്തിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു: പ്രത്യേക ആമുഖഗീതി ഇല്ലാത്ത ദിവ്യബലിയിൽ സ്വർഗാരോഹണം മുതൽ പെന്തക്കൊസ്തയ്ക്കു മുമ്പുവരുന്ന ശനിയാഴ്ച വരെയുള്ള ദിവസങ്ങളിൽ ഇതു ചൊല്ലാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, പാപത്തിന്റെയും മരണത്തിന്റെയും ജേതാവും മഹത്ത്വത്തിന്റെ രാജാവുമായ കർത്താവായ യേശു, മാലാഖമാർ വിസ്മയംപൂണ്ടുനില്ക്കവേ (ഇന്ന്) സ്വർഗത്തിന്റെ ഉന്നതിയിലേക്ക് ആരോഹണംചെയ്തു. ദൈവസമക്ഷം മനുഷ്യരുടെ മധ്യസ്ഥനും ലോകത്തിന്റെ വിധിയാളനും സൈന്യങ്ങളുടെ കർത്താവുമായ അവിടന്ന് എഴുന്നള്ളിയത് ഞങ്ങളുടെ എളിയ മനുഷ്യപ്രകൃതി ഉപേക്ഷിക്കാനല്ല, പിന്നെയോ ഞങ്ങളുടെ ശിരസ്സും ഉറവിടവുമായ അവിടന്ന് എത്തിച്ചേർന്നിടത്ത്, അവിടത്തെ അംഗങ്ങളായ ഞങ്ങളും ഒന്നുചേരുമെന്ന് ഉറപ്പുവരുത്താനാണല്ലോ.

**ആ**കയാൽ, പെസഹാസന്തോഷത്താൽ നിറഞ്ഞ് ഭൂതലത്തിലെ സകലജനങ്ങളും ആഹ്ലാദിക്കുന്നു; മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

സ്വർഗാരോഹണദിനത്തിൽ റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു. പേജ്....

## കർത്താവിന്റെ സ്വർഗാരോഹണം : രണ്ടാം ആമുഖഗീതി

സ്വർഗാരോഹണത്തിന്റെ രഹസ്യം

51. കർത്താവിന്റെ സ്വർഗാരോഹണദിനത്തിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു: പ്രത്യേക ആമുഖഗീതി ഇല്ലാത്ത ദിവ്യബലിയിൽ സ്വർഗാരോഹണം മുതൽ പെന്തക്കൊസ്തയ്ക്കു മുമ്പുവരുന്ന ശനിയാഴ്ച വരെയുള്ള ദിവസങ്ങളിൽ ഇതു ചൊല്ലാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**വിടത്തെ ഉത്ഥാനത്തിനുശേഷം തന്റെ എല്ലാ ശിഷ്യന്മാർക്കും പ്രത്യക്ഷദർശനമരുളുകയും അവർ വീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ അവിടത്തെ ദൈവികതയിൽ ഞങ്ങളെ പങ്കുകാരാക്കാൻ സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തു.

**ആ**കയാൽ, പെസഹാസന്തോഷത്താൽ നിറഞ്ഞ് ഭൂതലത്തിലെ സകലജനങ്ങളും ആഹ്ലാദിക്കുന്നു; മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

സ്വർഗാരോഹണദിനത്തിൽ റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന ചൊല്ലുന്നു. പേജ്...

## ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെ ഒന്നാംആമുഖഗീതി

പെസഹാരഹസ്യവും ദൈവജനവും

52. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**പെ**സഹാരഹസ്യംവഴി അവിടന്നു നിർവഹിച്ച ഈ രക്ഷാകര കർമം വിസ്മയനീയമായിരുന്നു.അതുവഴി പാപത്തിന്റെയും മരണത്തിന്റെയും നുകത്തിൽനിന്ന് ഈ മഹത്ത്വത്തിലേക്ക് ഞങ്ങൾ വിളിക്കപ്പെട്ടു. അങ്ങനെ, തിരഞ്ഞെടുക്കപ്പെട്ട വംശം, രാജകീയ പൗരോഹിത്യം, വിശുദ്ധജനം, സ്വന്തമാക്കപ്പെട്ട ജനം എന്ന് ഞങ്ങൾ അറിയപ്പെടുകയും അങ്ങയുടെ അദ്ഭുതകൃത്യങ്ങൾ എല്ലായിടത്തും പ്രഘോഷിക്കാൻ അന്ധകാരത്തിൽനിന്ന് അങ്ങയുടെ വിസ്മയനീയമായ പ്രകാശത്തിലേക്ക് ഞങ്ങളെ അങ്ങ് വിളിക്കുകയും ചെയ്തു.

**ആ**കയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും ഭദ്രാസനന്മാരോടും അധിശന്മാരോടും സ്വർഗീയസൈന്യത്തിന്റെ എല്ലാവൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെ രണ്ടാം ആമുഖഗീതി

രക്ഷയുടെ രഹസ്യം

53. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**വ**ഴിതെറ്റിയ മനുഷ്യരോട് അലിവുതോന്നിയ അവിടന്ന് കന്യകയിൽനിന്ന് ജാതനാകാൻ തിരുവുള്ളമായി. അവിടന്ന് കുരിശിലെ പീഡകൾ സഹിച്ച് നിത്യമരണത്തിൽനിന്ന് ഞങ്ങളെ മോചിപ്പിക്കുകയും മരണത്തിൽനിന്ന് ഉത്ഥാനംചെയ്ത് ഞങ്ങൾക്ക് നിത്യജീവൻ നല്കുകയും ചെയ്തു.

**ആ**കയാൽ, മാലാഖമാരോടും പ്രധാന മാലാഖമാരോടും ഭദ്രാസനന്മാരോടും അധീശന്മാരോടും സ്വർഗീയസൈന്യത്തിന്റെ എല്ലാ വൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെ മൂന്നാം ആമുഖഗീതി

### മനുഷ്യൻവഴി മാനവരക്ഷ

54. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ളവില്ലാത്ത മഹത്ത്വം അങ്ങയുടേതുമാത്രമാണെന്ന് ഞങ്ങളറിയുന്നു. അങ്ങനെ അങ്ങയുടെ ദൈവികതയാൽ മർത്യരായവരെ അങ്ങ് സഹായിച്ചു. മാത്രമല്ല, ഞങ്ങളുടെ മർത്യതയ്ക്കുതന്നെ പ്രതിവിധിനല്കകയും അങ്ങ്, നാശത്തിൽ നിപതിച്ച എല്ലാവരെയും, ഏതുവഴിയാണോ അവർ വീണുപോയത് അതേവഴി, നമ്മുടെ കർത്താവായ ക്രിസ്തുവിലൂടെ രക്ഷിക്കുകയും ചെയ്തു.

**അ**വിടന്നുവഴി മാലാഖമാരുടെ സൈന്യം അങ്ങയുടെ മഹിമയെ ആരാധിക്കുകയും അങ്ങയുടെ മുമ്പിൽ എന്നെന്നും ആനന്ദംകൊള്ളുകയും ചെയ്യുന്നു. അവരോടൊത്ത് ഞങ്ങളുടെ സ്വരവും ചേരാൻ അനുവദിക്കണമെന്നു പ്രാർഥിച്ചുകൊണ്ട് ആഹ്ളാദഭരിതരായി ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെ നാലാംആമുഖഗീതി

രക്ഷയുടെചരിത്രം

55. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, അവിടന്ന് തന്റെ ജനനത്താൽ പഴയ മനുഷ്യനെ നവീകരിച്ചു; സഹനത്താൽ ഞങ്ങളുടെ പാപങ്ങൾ ഉന്മൂലനം ചെയ്തു;മരണത്തിൽനിന്നുള്ള ഉയിർപ്പിനാൽ നിത്യജീവനിലേക്ക് പ്രവേശനംനല്കി; പിതാവായ അങ്ങയുടെ പക്കലേക്ക് ആരോഹണംചെയ്തുകൊണ്ട് സ്വർഗകവാടങ്ങൾ തുറന്നുതന്നു.

**ആ**കയാൽ, മാലാഖമാരുടെയും വിശുദ്ധരുടെയും ഗണത്തോടുകൂടെ അങ്ങയ്ക്കു സ്തുതിഗീതം ആലപിച്ച് ഞങ്ങൾ അവിരാമം പ്രകീർത്തിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെ അഞ്ചാം ആമുഖഗീതി

### സൃഷ്ടി

56. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**വിടന്ന് ലോകത്തിലെ എല്ലാവസ്തുക്കളും നിർമിക്കുകയും കാലങ്ങളുടെ വിവിധമാറ്റങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു; യഥാർഥത്തിൽ അങ്ങയുടെ ഛായയിൽ മനുഷ്യനെ സൃഷ്ടിക്കുകയും സർവാദ്ഭുതപ്രതിഭാസങ്ങളും അവന് അധീനമാക്കുകയും ചെയ്തു. അങ്ങനെ, അങ്ങു സൃഷ്ടിച്ച എല്ലാറ്റിന്റെയുംമേൽ അവൻ ഭരണം നടത്തുകയും അങ്ങയുടെ വിസ്മയനീയമായ പ്രവൃത്തികളിൽ ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി അങ്ങയെ നിരന്തരം പ്രകീർത്തിക്കുകയും ചെയ്യുന്നു.

**ആ**കയാൽ, ഞങ്ങളും എല്ലാ മാലാഖമാരോടുമൊപ്പം അങ്ങയെ സ്തുതിച്ചുകൊണ്ട് ആഹ്ലാദപൂർവകമായ ആഘോഷത്തോടെ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെ ആറാം ആമുഖഗീതി

നിത്യപെസഹായുടെ അച്ചാരം

57. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത്, യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങിൽ ഞങ്ങൾ ജീവിക്കുകയും ചരിക്കുകയും ആയിരിക്കുകയും ചെയ്യുന്നു. രൂപപ്പെട്ട ഈ ശരീരത്തിൽ ആയിരിക്കുമ്പോൾ ഞങ്ങൾ അങ്ങയുടെ കാരുണ്യത്തിന്റെ ഫലങ്ങൾ അനുദിനം അനുഭവിക്കുക മാത്രമല്ല, ഇപ്പോൾ നിത്യതയുടെ അച്ചാരം ഞങ്ങൾ കരഗതമാക്കുകയും ചെയ്തിരിക്കുന്നു. യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ആത്മാവുവഴി അവിടത്തെ പ്രഥമഫലങ്ങൾ സ്വീകരിച്ച ഞങ്ങൾ, അവ ഞങ്ങൾക്ക് നിത്യമായ പെസഹാരഹസ്യമായിരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

**ആ**കയാൽ, ഞങ്ങളും എല്ലാ മാലാഖമാരോടുമൊപ്പം അങ്ങയെ സ്തുതിച്ചുകൊണ്ട് ആഹ്ലാദപൂർവകമായ ആഘോഷത്തോടെ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെ ഏഴാം ആമുഖഗീതി

ക്രിസ്തുവിന്റെ അനുസരണംവഴിയുള്ള രക്ഷ

58. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, പാപമൊഴികെ ഞങ്ങളുടെ സാദൃശ്യത്തിൽ ജീവിക്കാൻ അങ്ങു തിരുമനസ്സായ രക്ഷകനെത്തന്നെ ഞങ്ങൾക്കു വേണ്ടി അയയ്ക്കാൻ തക്കവണ്ണം അങ്ങ് ലോകത്തെ അത്രമാത്രം കാരുണ്യപൂർവം സ്നേഹിച്ചു. അങ്ങനെ, പാപം ചെയ്തുകൊണ്ട് അനുസരണക്കേടുമൂലം ഞങ്ങൾ നഷ്ടപ്പെടുത്തിയത് ആരുടെ അനുസരണംവഴി അങ്ങയുടെ ദാനങ്ങളിലേക്ക് ഞങ്ങൾ പുനരുദ്ധരിക്കപ്പെട്ടുവോ, ആ പുത്രനിൽ അങ്ങു സ്നേഹിച്ചത് ഞങ്ങളിലും അങ്ങ് സ്നേഹിക്കാൻ ഇടയാക്കി.

**ആ**കയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്, ആഹ്ലാദഭരിതരായി പ്രകീർത്തിച്ചുകൊണ്ട് ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ,

## ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെ എട്ടാം ആമുഖഗീതി

### ത്രിത്വത്തിന്റെ ഐക്യത്താൽ ഒന്നിപ്പിക്കപ്പെട്ട സഭ

59. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, പാപത്തിന്റെ കുറ്റബോധം ദൂരെ അകറ്റിയ മക്കളെ അങ്ങയുടെ പുത്രന്റെ രക്തത്താലും ആത്മാവിന്റെ ശക്തിയാലും വീണ്ടും അങ്ങിലേക്ക് ഒരുമിച്ചുകൂട്ടാൻ അങ്ങു തിരുമനസ്സായി. അങ്ങനെ, ത്രിത്വത്തിന്റെ ഐക്യത്താൽ ഒന്നിപ്പിക്കപ്പെട്ട ജനം അങ്ങയുടെ വൈവിധ്യമാർന്ന ജ്ഞാനത്തിന്റെ സ്തുതിക്കായി ക്രിസ്തുവിന്റെ ശരീരവും ആത്മാവിന്റെ ആലയവുമായ സഭയായി അറിയപ്പെടുന്നു.

**ആ**കയാൽ, മാലാഖമാരുടെ ഗായകസമൂഹത്തോടൊത്ത് ആഹ്ളാദഭരിതരായി അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## ഏറ്റവും പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഒന്നാം ആമുഖഗീതി

ക്രിസ്തുവിന്റെ ബലിയും കൂദാശയും

60. കർത്താവിന്റെ അത്താഴദിവ്യബലിയിൽ താഴെകൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു. ക്രിസ്തുവിന്റെ ഏറ്റവും പരിശുദ്ധ ശരീരത്തിന്റെയും രക്തത്തിന്റെയും മഹോത്സവത്തിലും ഏറ്റവും പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഭക്തിപൂജയിലും ചൊല്ലാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**നി**ത്യസത്യപുരോഹിതനായ അവിടന്ന് സനാതനബലിയുടെ മാതൃക സ്ഥാപിച്ചുകൊണ്ട് ആദ്യമായി തന്നത്തന്നെ അങ്ങേക്ക് രക്ഷാകരബലിയായി അർപ്പിക്കുകയും അവിടത്തെ ഓർമയ്ക്കായി അർപ്പിക്കാൻ ഞങ്ങളോടു കല്പിക്കുകയും ചെയ്തു. ഞങ്ങൾക്കായി അർപ്പിക്കപ്പെട്ട അവിടത്തെ ശരീരം ഭക്ഷിക്കുമ്പോൾ ഞങ്ങൾ ശക്തിപ്രാപിക്കുകയും ഞങ്ങൾക്കായി ചിന്തപ്പെട്ടരക്തം പാനംചെയ്യുമ്പോൾ ഞങ്ങൾ ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

**ആ**കയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും ഭദ്രാസനന്മാരോടും അധീശന്മാരോടും സ്വർഗീയസൈന്യങ്ങളുടെ എല്ലാവൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

കർത്താവിന്റെ അത്താഴദിവ്യബലിയിൽ റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന, അതിനാൽ കർത്താവേ, അവിടന്ന് പീഡാസഹനത്തിന്റെ എന്നിവ ഉണ്ട്. പേജ്....

## ഏറ്റവും പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ രണ്ടാം ആമുഖഗീതി

### ഏറ്റവും പരിശുദ്ധദിവ്യകാരുണ്യത്തിന്റെ ഫലങ്ങൾ

61. ക്രിസ്തുവിന്റെ ഏറ്റവും പരിശുദ്ധശരീരത്തിന്റെയും രക്തത്തിന്റെയും മഹോത്സവത്തിലും ഏറ്റവും പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഭക്തിപൂജയിലും താഴെകൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ന്ത്യഅത്താഴത്തിൽ അവിടന്ന് തന്റെ അപ്പസ്തോലന്മാരോടൊപ്പം ഭക്ഷണംകഴിച്ചപ്പോൾ കുരിശിന്റെ രക്ഷാകരമായ ഓർമ നിത്യമായി തുടരാൻ കറയറ്റ കുഞ്ഞാടായ തന്നത്തന്നെ സമ്പൂർണസ്തുതിയുടെ സ്വീകാര്യദാനമായി അങ്ങേക്കു സമർപ്പിച്ചു.ആരാധ്യമായ ഈ രഹസ്യത്താൽ പരിപോഷിതരായ അങ്ങയുടെ വിശ്വാസികളെ അങ്ങ് വിശുദ്ധീകരിക്കുന്നു. അങ്ങനെ ഒരേ ലോകത്തിൽ വസിക്കുന്ന മനുഷ്യകുലത്തെ ഒരേ വിശ്വാസം പ്രകാശിപ്പിക്കുകയും ഒരേ സ്നേഹം ഒന്നിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ, ഇത്രയേറെ വിസ്മയനീയമായ കൂദാശയുടെ മേശയെ ഞങ്ങൾ സമീപിക്കുന്നു. അങ്ങനെ, അങ്ങയുടെ കൃപയുടെ മാധുര്യത്താൽ നിറഞ്ഞ് സ്വർഗീയമാതൃകയുടെ സാദൃശ്യത്തിലേക്ക് ഞങ്ങൾ എത്തിച്ചേരുമാറാകട്ടെ.

**ആ**കയാൽ, സ്വർഗത്തിലുള്ളവയും ഭൂമിയിലുള്ളവയും അങ്ങയെ ആരാധിച്ചുകൊണ്ട് നവ്യഗാനം ആലപിക്കുന്നു; ഞങ്ങളും മാലാഖമാരുടെ സർവസൈന്യങ്ങളുമൊത്ത് അവിരാമം ഉദ്ഘോഷിച്ചുകൊണ്ട് പ്രകീർത്തിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാം ആമുഖഗീതി

പരിശുദ്ധ കന്യകമറിയത്തിന്റെ മാതൃത്വം

62 ഓരോ ദിവ്യബലിയിലും സൂചിപ്പിച്ചിട്ടുള്ളതനുസരിച്ച് ദിവസത്തിലെ ആഘോഷത്തിന്റെ അതതുസ്ഥലത്തെ നിർദേശമനുസരിച്ച് പരിശുദ്ധ കന്യ കമറിയത്തിന്റെ ദിവ്യബലിയിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനു മായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും, യോഗ്യവും രക്ഷാകരവുമാണല്ലോ.

**നി**ത്യകന്യകയായ പരിശുദ്ധമറിയത്തിന്റെ... അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും വാഴ്ത്തുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രതിബിംബനത്താൽ,അങ്ങയുടെ ഏകജാ തനായ പുത്രനെ അവൾ ഗർഭംധരിക്കുകയും കന്യാത്വത്തിന്റെ മഹത്വത്തിൽ നിലനിന്നുകൊണ്ട് ഞങ്ങളുടെ കർത്താവ് യേശുക്രിസ്തുവാകുന്ന നിത്യപ്രകാശം ലോകത്തിനു നല്കുകയും ചെയ്തു.

**അ**വിടന്നുവഴി, ദിവ്യദൂതന്മാർ അങ്ങയെ വാഴ്ത്തുന്നു, അധീശ ന്മാർ ആരാധിക്കുന്നു; ആധികാരികന്മാർ ഭക്തിപൂർവം നിലകൊ ള്ളുന്നു; സ്വർഗാധിസ്വർഗങ്ങളുടെ ശാക്തികന്മാരും ധന്യരായ ഭക്തിജ്വാലകന്മാരും ആഹ്ലാദഭരിതരായി ഒന്നുചേർന്ന് ആഘോ ഷിക്കുന്നു. അവരോടൊപ്പം ഞങ്ങളുടെ സ്വരവും ചേരാൻ അനുവ ദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, ഞങ്ങളും താഴ്മയോടെ ആല പിക്കുന്നു.

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ..

## പരിശുദ്ധ കന്യകമറിയത്തിന്റെ രണ്ടാം ആമുഖഗീതി

സഭ മറിയത്തിന്റെ വാക്കുകളിൽ ദൈവത്തിന് സ്തുതികൾ നല്കുന്നു

63. പരിശുദ്ധ കന്യകമറിയത്തിന്റെ ദിവ്യബലികളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

സകല വിശുദ്ധരുടെയും സ്തുതിപ്പിൽ പങ്കുചേർന്ന് വിസ്മയാവഹനായ അങ്ങയെ പ്രകീർത്തിക്കുന്നതും സർവോപരി പരിശുദ്ധ കന്യകമറിയത്തിന്റെ ഓർമ ആചരിച്ചുകൊണ്ട് അങ്ങയുടെതന്നെ കാരുണ്യം പ്രീതികരമായ പ്രഘോഷണംവഴി മഹത്ത്വപ്പെടുത്തുന്നതും യഥാർത്ഥത്തിൽ ഉചിതവും ന്യായവും രക്ഷാകരവുമാണ്.

എന്തെന്നാൽ, അങ്ങയുടെ ദാസിയുടെ താഴ്മ കടാക്ഷിച്ചുകൊണ്ട് അവൾവഴി മനുഷ്യരക്ഷയുടെ ഉടയവനായ അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിനെ പ്രദാനം ചെയ്തപ്പോൾ സത്യമായും ലോകമാസകലം അങ്ങ് മഹത്തായ കാര്യങ്ങൾ നിർവഹിക്കുകയും അങ്ങയുടെ കാരുണ്യത്തിന്റെ സമൃദ്ധി യുഗങ്ങൾതോറും വ്യാപിപ്പിക്കുകയുംചെയ്തു.

അവിടന്നുവഴി മാലാഖമാരുടെ സൈന്യം അങ്ങയുടെ മഹിമയെ ആരാധിക്കുകയും അങ്ങയുടെ മുമ്പിൽ എന്നെന്നും ആനന്ദംകൊള്ളുകയും ചെയ്യുന്നു. അവരോടൊത്ത് ഞങ്ങളുടെ സ്വരവും ചേരാൻ അനുവദിക്കണമെന്നു പ്രാർത്ഥിച്ചുകൊണ്ട് ആഹ്ലാദഭരിതരായി ഒന്നുചേർന്ന് ആലപിക്കുന്നു:

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## അപ്പസ്തോലന്മാരുടെ ഒന്നാം ആമുഖഗീതി

### അപ്പസ്തോലന്മാർ, ദൈവജനത്തിന്റെ അജപാലകർ

64. അപ്പസ്തോലന്മാരുടെ പ്രത്യേകിച്ച്, വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും ദിവ്യബലിയിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ,സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർത്ഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**നി**ത്യഇടയനായ ദൈവമേ, അങ്ങയുടെ അജഗണത്തെ അങ്ങ് ഉപേക്ഷിക്കുന്നില്ല. മറിച്ച്, ധന്യരായ അപ്പസ്തോലന്മാർവഴി നിരന്തര സംരക്ഷണംനല്കി അങ്ങു കാത്തുപാലിക്കുന്നു; അങ്ങനെ അതേ പാലകന്മാരാൽ നയിക്കപ്പെട്ട് അവരെ അങ്ങേ പുത്രന്റെ പ്രതിപുരുഷന്മാരായ ഇടയന്മാരായി നയിക്കാൻ അജഗണത്തിനു തന്നെ അങ്ങു നല്കി.

**ആ**കയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ തുടങ്ങിയ സ്വർഗീയസൈന്യത്തിന്റെ എല്ലാ വൃന്ദങ്ങളോടൊപ്പം, അങ്ങയുടെ മഹത്ത്വത്തെ പ്രകീർത്തിച്ച്, ഞങ്ങൾ അവിരാമം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## അപ്പസ്തോലന്മാരുടെ രണ്ടാം ആമുഖഗീതി

### അപ്പസ്തോലിക അടിസ്ഥാനവും സാക്ഷ്യവും

65. അപ്പസ്തോലന്മാരുടെയും സുവിശേഷകന്മാരുടെയും ദിവ്യബലിയിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**എ**ന്തെന്നാൽ, അപ്പസ്തോലിക അടിസ്ഥാനത്തിൽ അങ്ങേ സഭയെ ഉറപ്പിച്ചുനിറുത്താൻ അങ്ങ് ഇടയാക്കി. അങ്ങനെ, അത് ഭൂമിയിൽ അങ്ങയുടെ പരിശുദ്ധിയുടെ ശാശ്വതഅടയാളമായി നിലനില്ക്കുകയും സമസ്തജനങ്ങൾക്കും സ്വർഗീയപ്രബോധനങ്ങൾ നല്കുകയും ചെയ്യുന്നു.

**ആ**കയാൽ, ഇപ്പോഴും എന്നേക്കും മാലാഖമാരുടെ സർവസൈന്യത്തോടുംകൂടെ ഭക്തിനിർഭരമായ മനസ്സോടെ ഞങ്ങൾ അങ്ങയെ പ്രകീർത്തിക്കുകയും ആർത്തുവിളിച്ച് ആലപിക്കുകയും ചെയ്യുന്നു.

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...